# ആദിവാസി: സങ്കല്പനത്തിന്റെ സാധുതയും രാഷ്ട്രീയവും

അബ്ദുൾ റഫീക്
ഗവേഷകൻ, മലയാള വിഭാഗം, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

**സംഗ്രഹം**

ആധുനികജ്ഞാനശാസ്ത്രം ഗണയുക്തി (taxonomy) യെ മുൻനിർത്തി സാമൂഹികയാഥാർത്ഥ്യങ്ങളെ വകതിരിച്ചാണ് അപഗ്രഥനത്തിന് തയ്യാറായത്. ഏത് പ്രതിഭാസത്തിന്റെയും അടിസ്ഥാനതത്ത്വങ്ങൾ നിർദ്ധരിച്ചെടുക്കുകയും ആ സാമാന്യതയെ അടിസ്ഥാനമാക്കി ജനുസു(Genre)കളെ നിർമ്മിച്ചെടുക്കുകയുമായിരുന്നു ആധുനികത ചെയ്തത്. വിഷയിക്ക് പുറത്തായി വിഷയം നിൽക്കുന്നതായും നോക്കിപ്പഠിക്കാൻ കഴിയുന്ന നിലയിൽ വിഷയത്തിന് സാമാന്യസത്ത എന്നൊന്നുണ്ടെന്നും ആധുനികത കരുതി. സ്വാഭാവികമായും മൂർത്ത യാഥാർത്ഥ്യത്തെയല്ല, സംവർഗങ്ങളെ മുൻനിർത്തി അമൂർത്തതയെ വിശകലനം ചെയ്യലായിരുന്നു അതിന്റെ രീതിശാസ്ത്രമായത്. സൂക്ഷ്മയാഥാർത്ഥ്യത്തെ പരിഗണനയ്ക്കെടുക്കാത്ത സങ്കല്പനങ്ങൾ എങ്ങനെയാണ് ആദിവാസി എന്ന സംവർഗത്തെ നിർമ്മിച്ചെടുത്തതെന്നും അതിന്റെ ആന്തരികരാഷ്ട്രീയം എങ്ങനെയാണ് ഹിംസ ആകുന്നതെന്നും ചർച്ച ചെയ്യുകയാണ് ഈ പ്രബന്ധം.

കീവേർഡ്സ്: Tribal Question, Modern Epistemology, Conceptual Violence

കറുത്തചർമ്മത്തിനും വെളുത്ത മുഖംമൂടിക്കുമിടയിൽ ഊയലാടുന്ന തദ്ദേശീയർ ഒരു പ്രത്യേക ദശാസന്ധിയിൽ സ്കിസോഫ്രീനിയാക് ആവേണ്ടി വരുന്നതിനെക്കുറിച്ച് ഫ്രാൻസ് ഫാനൻ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ആന്തരികകോളനീകരണത്തിന്റെയും സാംസ്കാരിക അന്യവത്കരണത്തിന്റെയും അനന്തരഫലം സാമൂഹികമായ സ്കിസോഫ്രീനിയ തന്നെയാണ്. മാരകരോഗങ്ങൾ മുതൽ

സ്കൂൾഡ്രോപ്പ്ഔട്ട് വരെയുള്ള തദ്ദേശീയദുർബലജനവിഭാഗത്തിലെ സാമൂഹികപ്രതിഭാസങ്ങൾ ഓരോന്നും സ്കിസോഫ്രീനിയയുടെ രൂപകങ്ങളായി കാണേണ്ടിയിരിക്കുന്നു. സിവിൽസൊസൈറ്റിയുടെ വംശീയമുൻവിധികളും പൊളിറ്റിക്കൽ സൊസൈറ്റിയുടെ വ്യവസ്ഥാപരമായ ഹിംസയും ഈ പ്രതിഭാസങ്ങളുടെ മൂലകാരണങ്ങൾ തന്നെയാണ്. അതിനാൽത്തന്നെ അരികുജീവിതങ്ങളെക്കുറിച്ചുള്ള ഓരോ ആഖ്യാനവും പ്രാഥമികമായി സ്വയം ക്ഷമാപണസ്വരം പുലർത്തേണ്ടതുണ്ട്. എങ്കിലും, ഏത് രാഷ്ട്രീയപ്രതിസന്ധിയെയും പരിഹരിക്കാനും മറികടക്കാനും മുമ്പിലുള്ള ഏകഉപാധി വസ്തുതാപരവും ഭൗതികവുമായ അപഗ്രഥനം മാത്രമാണ്. അതിനാൽത്തന്നെ എല്ലാ വൈകാരികാംശങ്ങളെയും ചേറ്റിക്കൊഴിച്ചു കൊണ്ടാണ് ആദിവാസിപ്രശ്നം (Question) എന്ന മൂർത്തമായ രാഷ്ട്രീയചോദ്യത്തിലേക്ക് ഈ പ്രബന്ധം കടക്കുന്നത്. വൈകാരികതയെ, കുറ്റബോധത്തെ മാറ്റിനിർത്തി അടിസ്ഥാനങ്ങളിൽ നിന്ന് വീണ്ടും ചോദ്യങ്ങളുന്നയിച്ചു തുടങ്ങേണ്ടതുണ്ട്. കേരളീയാധുനികതയുടെ വൈരുധ്യങ്ങളിലേക്കും അരികുജീവിതങ്ങളെ ഇത്രകാലം അഭിസംബോധന ചെയ്യാനുപയോഗിച്ച രീതിശാസ്ത്രത്തിന്റെ അപര്യാപ്തതകളിലേക്കും നോട്ടം പായിക്കാനുള്ള വഴി അതുകൂടിയാണ്. കേവലമായ ക്ഷമാപണ-വൈകാരികതകൾക്ക് ഘടനാപരമായ മാറ്റത്തിന് ചാലകമാവാൻ സാധ്യമല്ല തന്നെ.

ഏത് ആധുനികസമൂഹത്തിന്റെയും വളർച്ച കണക്കാക്കപ്പെടേണ്ടത് അതിലെ ദുർബലവിഭാഗത്തിന്റെ ജീവിതസാഹചര്യത്തെ പരിഗണിച്ചു കൊണ്ടായിരിക്കണം. മറ്റൊരർത്ഥത്തിൽ ദുർബലർ ക്ഷേമജീവിതം നയിക്കുന്നിടം മാത്രമേ ആധുനികസമൂഹമായി മാറുന്നുള്ളൂ. കേരളാമോഡൽവികസനം എന്നതൊരു മിത്തോ, ഇന്ത്യൻ സംസ്ഥാനങ്ങളിൽ വികസനസൂചികയിൽ ഒന്നാമതാണെന്നതൊരു പരസ്യവാചകമോ മാത്രമല്ല. പൂർത്തീകരിക്കപ്പെടാനുള്ള അനവധി കടമ്പകളും പരിഹരിക്കപ്പെടേണ്ട ധാരാളം വൈരുധ്യങ്ങളും കേരളീയ ആധുനികതയിലുണ്ടെങ്കിലും താരതമ്യേന സുരക്ഷിതമാണതിന്റെ നില. അടിത്തട്ട് മുതലാരംഭിച്ച നവോത്ഥാനവ്യവഹാരങ്ങളും കർഷകപ്രസ്ഥാനങ്ങളുടെ അവകാശസമരങ്ങളും കീഴാളജാതികളുടെ ആത്മാവബോധവും ഒക്കെച്ചേർന്നു സൃഷ്ടിച്ച കേരളീയആധുനികത ഒരു യാഥാർത്ഥ്യമായിരിക്കെത്തന്നെ എന്തു കൊണ്ടായിരിക്കാം ആദിവാസികളുടെ ദുരവസ്ഥ തുടരുന്നത്? പോഷകാഹാരക്കുറവും വിചിത്രരോഗങ്ങൾ കൊണ്ടും വലയുന്നത്? പരിഹരിക്കാൻ കഴിയാത്ത ഒരു ചോദ്യമാണോ ആദിവാസിപ്രശ്നം? ഒറ്റനോട്ടത്തിൽ ക്ഷേമരാഷ്ട്രം എന്ന സങ്കൽപ്പത്തെ

പ്രായോഗികമാക്കാത്ത ഭരണകൂടവ്യവസ്ഥകളെയും ആദിവാസികളെ വോട്ടു ബാങ്ക് മാത്രമായിക്കണക്കാക്കുന്ന മുഖ്യധാരാരാഷ്ട്രീയപ്രവർത്തനങ്ങളെയും പ്രതിസ്ഥാനത്ത് നിർത്താം. വളരെ ജനകീയമായ ഒരാഖ്യാനമാണത്. പക്ഷേ അതുമാത്രമാണ് ദുരവസ്ഥയുടെ കാരണമെന്നു കരുതുന്നത് പ്രതിസന്ധിയെ സംബന്ധിച്ച സരളമായ ഒരപഗ്രഥനത്തിലേക്കാണ് കൊണ്ടുചെന്നെത്തിക്കുക. സ്റ്റേറ്റ് ഇനിയുംകൂടുതൽ ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുന്നതുകൊണ്ടു മാത്രം മറികടക്കാൻ കഴിയുന്ന ഒന്നല്ല ആദിവാസിചോദ്യം.

ആദിവാസിക്ഷേമമെന്നത് ഇന്ത്യൻഭരണവ്യവസ്ഥയുടെ പരിഗണനയിൽ ചെറുതല്ലാത്ത നിലയിൽ നിലനിൽക്കുന്നുണ്ട്. ഭരണഘടന പ്രകാരം ആദിവാസികളുടെ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ചുമതല നിക്ഷിപ്തമായിരിക്കുന്നത് ഇന്ത്യൻ പ്രസിഡണ്ട്, പാർലമെന്റ്, ഗവർണർമാർ, സംസ്ഥാനനിയമസഭകൾ എന്നിവയിലാണ്. ദേശീയതലത്തിലും പ്രാദേശികതലത്തിലും ഡയറക്ടർമാരുണ്ട്. ഈ ഡയറക്ടറുടെ സഹായത്തോടെ വകുപ്പുമന്ത്രി ക്ഷേമപദ്ധതികൾ നടപ്പിലാക്കാൻ ചുമതലപ്പെട്ടിരിക്കുന്നു. ആദിവാസിഉപദേശകകൗൺസിൽ, ആദിവാസിഗവേഷണസ്ഥാപനം എന്നിവ ഓരോ സംസ്ഥാനത്തിലുമുണ്ടാവണം. പാർല മെന്റിലും സംസ്ഥാനഅസംബ്ലികളിലും ആദിവാസികൾക്ക് സീറ്റ് സംവരണം ചെയ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര-സംസ്ഥാനസർക്കാർ ജോലികളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സംവരണം നിശ്ചയിച്ചിട്ടുണ്ട്. വികസനപദ്ധതികളുടെ എല്ലാ മേഖലകളിലും പത്ത് ശതമാനം ആദിവാസിക്ഷേമത്തിനുവേണ്ടി സർക്കാർ നീക്കിവയ്ക്കുന്നു. ചുരുക്കത്തിൽ ആദിവാസി സംരക്ഷണത്തിനാവശ്യമായ വളരെ ബൃഹത്തായൊരു പദ്ധതി ഭരണഘടന പ്രകാരം തന്നെ വിഭാവനം ചെയ്യപ്പെട്ടിട്ടുണ്ട്. അവ നടപ്പിലാക്കാനുള്ള വഴികളും സംവിധാനങ്ങളും ഭരണഘടന നിർദ്ദേശിക്കുന്നുമുണ്ട്.

ഇത്രയും, സ്റ്റേറ്റിനോ മുഖ്യധാരാ രാഷ്ട്രീയപ്രവർത്തനത്തിനോ ആദിവാസി ദുരവസ്ഥയിൽ പങ്കൊന്നുമില്ല എന്ന് വാദിക്കാൻ വേണ്ടി ചൂണ്ടിക്കാട്ടിയതല്ല. ഭരണഘടന നിർദ്ദേശിക്കുന്ന പ്രവർത്തനതത്ത്വങ്ങൾക്കനുസരിച്ച് ഭിന്നപദ്ധതികൾ ഭാവന ചെയ്ത് സംസ്ഥാനബജറ്റുകളിൽ തുക നീക്കിവെച്ച് മന്ത്രി മുതൽ ട്രൈബൽവകുപ്പിന്റെ പ്രാദേശികകേന്ദ്രങ്ങൾ വരെ നീളുന്ന സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ടായിട്ടും വൈരുധ്യം എന്തുകൊണ്ടു തുടരുന്നു എന്ന അടിസ്ഥാനചോദ്യമുന്നയിക്കാൻ വേണ്ടിയാണ്. കെടുകാര്യസ്ഥതയെയും അഴിമതിയെയും പ്രവർത്തനനിരതയെയും മാത്രം ചൂണ്ടിക്കാട്ടി കൈകഴുകാൻ

സാധ്യമല്ല. ബഹുമുഖമായ കാരണങ്ങളിൽ ഒന്നിനെ മാത്രം പ്രതിചേർത്താൽ പ്രശ്നം പരിഹരിക്കപ്പെടില്ല. പ്രായോഗികമായി പിഴക്കുന്നു എന്നതിന്റെ അർത്ഥം സൈദ്ധാന്തികമായി പിഴവാണ് എന്നതു തന്നെയാണ്. പ്രയോഗവും സിദ്ധാന്തവും വെവ്വേറെ നിൽക്കുന്നവയല്ല. സിദ്ധാന്തപരമായ അടിസ്ഥാന തിരുത്തുകളിൽ നിന്ന് ആരംഭിക്കേണ്ടത് അതുകൊണ്ടു തന്നെയാണ്.

### 1. സാർവ്വദേശീയ ആദിമസത്ത എന്ന മിഥ്യ

'ആദിവാസി' എന്നതൊരു പൊതുസംവർഗമാണ്. നരവംശശാസ്ത്രപരമായും സാമൂഹ്യശാസ്ത്രപരമായും സാംസ്കാരികമായും ഫോക്‌ലോറിക്കലായും ആദിവാസി എന്ന സംവർഗത്തെ ഉപയോഗിച്ചുപോരുന്നു. വ്യത്യസ്തതകളെ പൊതുവായി നിർവചിച്ച് ഒരു വിഭാഗമായി സ്വയവും മറ്റുള്ളവരാലും മനസിലാക്കപ്പെടണമെങ്കിൽ ഒരോ കൂട്ടായ്മയിലും ഒരു പൊതുത്വം കണ്ടെടുക്കപ്പെടേണ്ടതുണ്ട്. അമൂർത്തമായ എല്ലാ പൊതുസംഘാടനങ്ങളും–അത് ദേശീയത മുതൽ റെസിഡൻസ് അസോസിയേഷനുകൾ വരെ–നിലനിൽക്കുന്നത് ഈ പൊതുത്വത്തിലൂന്നിയാണ്. ഭിന്നതകളെ കൂട്ടിയിണക്കുന്ന ബന്ധശക്തിയായി (Cohesive force) ആദിവാസികൾക്കിടയിൽ യാതൊന്നുമില്ല എന്നതാണ് യാഥാർത്ഥ്യം. 'ആദിവാസിത്വം' എന്ന ഭൗതികമോ പ്രത്യയശാസ്ത്രപരമോ ആയ ഒരു ബലമില്ല. ഭാഷാപരമോ സാംസ്കാരികമോ വിശ്വാസപരമോ സാമ്പത്തികമോ ഉത്പാദനപരമോ ആയ ഒന്നും പൊതുവായില്ല എന്നു മാത്രമല്ല, 'ആദിവാസി'യിൽ ഉൾപ്പെടുന്ന ഓരോ വിഭാഗത്തെ സംബന്ധിച്ചും ഇവയെല്ലാം ഭിന്നമാണ്. ഇവരെച്ചേർത്ത് ആദിവാസി എന്ന ഘടനാനിർമ്മിതി നടത്തി പൊതുവായി ക്ഷേമപദ്ധതികളോ ആധുനികീകരണശ്രമങ്ങളോ ജ്ഞാനശാസ്ത്രം തന്നെയോ രൂപീകരിക്കുന്നു എന്നിടത്താണ് പ്രതിസന്ധിയുടെ മൂലവേരുകൾ നിലകൊള്ളുന്നത്.

നരവംശശാസ്ത്രപരമായി 'ആദിവാസി' എന്ന സംവർഗനിർമ്മിതിക്ക് ചരിത്രപരമായി ചില സാധുതകളുണ്ടായിരുന്നു. ഇരുപതാംനൂറ്റാണ്ടിന്റെ മധ്യകാലം വരെയെങ്കിലും മുഖ്യധാരയിൽ നിന്ന് വേറിട്ടു നിൽക്കുന്ന, ആദിമനിവാസികളായ, വിഭാഗങ്ങളെ ഒന്നിച്ചുചേർത്തു മനസിലാക്കേണ്ട രാഷ്ട്രീയാവശ്യം നിലനിന്നിരുന്നു. ജ്ഞാനോദയാധുനികത കേവല 'മനുഷ്യനെ' നിർവചിച്ചതു പോലെ കേവല 'ആദിവാസിയെ ' നിർവചിക്കാനുപയോഗിച്ച തത്ത്വത്തെ സാർവ്വദേശീയ ആദിമസത്ത (Universal Primitive self) എന്ന് പേരിട്ടുവിളിക്കാം. അമേരിക്കൻ നരവംശശാസ്ത്രജ്ഞനായ മാർഷൽ സാഹ്ലിൻസ് ആവിഷ്കരിച്ചെടുത്ത ചില അടിസ്ഥാനസങ്കൽപ്പങ്ങളാണ്

ആദിമസത്തയുടെ നിർവചനത്തെ സാധുവാക്കിയത്. സാഹ്ലിയൻ രീതിശാസ്ത്രപ്രകാരം ലോകത്തെ എല്ലാ ആദിവാസി വിഭാഗങ്ങൾക്കും പൊതുവായ ചില സ്വഭാവങ്ങളുണ്ട്, അവ ;

1. ഒരു പ്രദേശത്തെ പൊതുവിഭവങ്ങളെ കൂട്ടായി ചൂഷണം ചെയ്തു പോരുന്നതും, കൂട്ടായി താമസിക്കുന്ന ബഹുകുടുംബങ്ങളും ചേർന്ന പ്രാഥമികഖണ്ഡങ്ങൾ.
2. സാമ്പത്തികവും രാഷ്ട്രീയവും ആശയപരവുമായ ബന്ധങ്ങൾക്കൊപ്പം കുടുംബബന്ധങ്ങളുടെ (kinship relations) ബഹുപ്രകാര (Multifunctional) സ്വഭാവം
3. തുടക്കത്തിൽ പറഞ്ഞ പ്രാഥമികഖണ്ഡങ്ങളുടെ ഘടനാപരമായ തുല്യത.

ഈ പൊതുഘടകങ്ങളെ മുൻനിർത്തി 'ആദിവാസി' യെ നിർവചിച്ചെടുക്കുന്ന രീതിപദ്ധതിക്ക് ഒരു കാലം വരെ പ്രസക്തിയുണ്ടായിരുന്നിരിക്കാം. ഇനിയങ്ങോട്ട് അത്തരമൊരു സങ്കല്പനം സാധുവാകാതെ പോകുന്നത് മേൽപ്പറഞ്ഞ ഘടകങ്ങൾ ഒന്നിച്ചു പ്രവർത്തിക്കുന്ന വിഭാഗങ്ങൾ കേരളത്തിൽ വിരലിലെണ്ണാവുന്നിടത്ത് പോലുമില്ല എന്നതുകൊണ്ടാണ്. ഏത് തരത്തിലുള്ള സാർവദേശീയ നിർവചനം പോലെയും ആദിവാസിയും പ്രശ്നഭരിതവും ആന്തരികവൈരുധ്യം നിറഞ്ഞതുമായ കൽപ്പന തന്നെയാണ്.

ആദിവാസി എന്നതിന് ശബ്ദതാരാവലി നൽകുന്ന അർത്ഥം ആദിമനിവാസി (Aborigines) എന്നാണ്. ആദിവാസിവിജ്ഞാന നിഘണ്ടുവാകട്ടെ കുറേക്കൂടി വിശദീകരണം നൽകുന്നത്കാണാം. അതനുസരിച്ച് പരിഷ്കൃതസമൂഹത്തിൽ നിന്നും അകന്ന് വനഭാഗങ്ങളിലും മലകളിലും കഴിഞ്ഞ് വരുന്ന ജനവിഭാഗത്തെയാണ് ആദിവാസികൾ എന്ന് വിശേഷിപ്പിക്കുന്നത് (കുമാരൻ വയലേരി, 2012: 28). Tribe എന്ന ഇംഗ്ലീഷ് പദത്തിന്റെ മലയാളീകരണമായാണ് ആദിവാസി എന്ന പദം ഉപയോഗിച്ചു പോരുന്നത്. ഭാഷാപരമായി സന്ദിഗ്ധമായ ഒരു തർജ്ജമയാണിത്. രക്തബന്ധത്തിലധിഷ്ഠിതമായ കുടുംബങ്ങളുടെ യൂണിറ്റെന്ന നിലയിലുള്ള കുലങ്ങളുടെയോ ഇല്ലങ്ങളുടെയോ കൂട്ടമാണ് ട്രൈബ്. ആ അർത്ഥത്തിൽ ട്രൈബ് എന്നതിന് സ്വീകരിക്കാൻ പറ്റുന്ന ഏറ്റവും നല്ല ഭാഷാപദം ഗോത്രവർഗം എന്നതാണ്. ആദിവാസികൾ എന്ന് വിവക്ഷിക്കപ്പെടുന്ന ജനവിഭാഗത്തിന്റെ ജീവിതയാഥാർത്ഥ്യങ്ങളുമായി കുറെക്കൂടി ചേരുന്ന പദവും അതുതന്നെയാണ്. സ്വയംനിർണയവകാശമുള്ള, സ്വയംപര്യാപ്തമായ ചുറ്റുപാടിൽ ജീവിക്കുന്ന സുഘടിതമായ ജനസമൂഹം എന്ന അർത്ഥത്തിലല്ല ഗോത്രവർഗം എന്നു പ്രയോഗിക്കുന്നത്. നിയന്ത്രണാധികാരമുള്ള

സ്ഥാനികരും വനങ്ങളിലും മലകളിലുമായുള്ള വാസവും സ്വയം നിർണയത്വ വുമൊക്കെ ചേരുന്ന ക്ലാസിക്കൽഗോത്രവർഗമൊന്നും കേരളത്തിൽ ഇന്നില്ല. എങ്കിലും തങ്ങൾ പിന്തുടർന്ന് പോന്ന ഗോത്രജീവിതത്തിന്റെ വിദൂരച്ഛായ ഇന്നും അവരുടെ ജീവിതത്തിന്റെ ഉള്ളടരിൽ ഉണ്ടെന്നതിനാൽ ഗോത്ര വർഗമെന്നോ ഗോത്രസമുദായമെന്നോ മാറ്റി വിളിക്കുന്നതാവും കൂടുതൽ സത്യസന്ധം. ഭാഷാപരമായ ഇത്തരം ശരിതെറ്റുകൾക്കപ്പുറത്ത് ആദിവാസി എന്ന വർഗീകരണം നേരിടുന്ന ചില രാഷ്ട്രീയപ്രശ്നങ്ങളുമുണ്ട്.

കേരളത്തിൽ എത്ര ഗോത്രവർഗങ്ങളുണ്ട് എന്നതിനെ സംബന്ധിച്ച് ഖണ്ഡിതമായ തീർപ്പുകളില്ല. സർക്കാർരേഖകളിൽ അത് മുപ്പത്തിയെട്ടാ ണെങ്കിൽ ഈ മേഖലയിൽ പഠനം നടത്തിയ ആദ്യകാല ഗവേഷകനായ എ.എ.ഡി.ലൂയിസ് 48 വിഭാഗങ്ങളുടെ പട്ടികയാണ് നിരത്തുന്നത് (എസ്.ആർ. ചന്ദ്രമോഹൻ, 2013:9) കെ. വേലപ്പൻ 53 വിഭാഗങ്ങളെ എണ്ണിപ്പറയുമ്പോൾ 2003-ലെ ഗസറ്റ് ഓഫ് ഇന്ത്യയുടെ കണക്കു പ്രകാരം 43 ഗോത്രവർഗ സമുദാ യങ്ങളാണുള്ളത്. ചില പഠനങ്ങളാവട്ടെ 60 വരെ അതു നീട്ടുന്നതും കാണാം. ചുരുക്കിപ്പറഞ്ഞാൽ സംസ്ഥാനജനസംഖ്യയുടെ 1.14 ശതമാനം വരുന്ന (കുമാരൻ വയലേരി, 2007: 22), അതിൽത്തന്നെ പലതും നിലനില്പിനുതന്നെ ഭീഷണി നേരിടുന്ന, ഗോത്രവർഗവിഭാഗത്തെക്കുറിച്ചുള്ള ആധികാരികമായ ഒരു കണക്ക് പോലും നമുക്കില്ല. ശാസ്ത്രീയവും സമഗ്രവുമായ ഒരു സ്ഥിതിവി വരക്കണക്കിലൂടെ വളരെ എളുപ്പത്തിൽ തയ്യാറാക്കാനാവുന്ന ഒരു പട്ടിക പോലുമില്ലാതെ ഒരു വലിയ കൂട്ടത്തെ ആദിവാസി എന്ന് കേവലമായി വർഗീ കരിക്കുകയാണ് ചെയ്യുന്നതെന്നർത്ഥം.

ആദിവാസി എന്നതൊരു അമൂർത്തസങ്കൽപ്പമാണ് എന്നതിനാൽ ത്തന്നെ കേരളത്തിലെവിടെയും ആദിവാസിയെ കാണാൻ സാധ്യമല്ല. കാണാൻ പറ്റുക അടിയർ, അരണാടർ, ആളാർ, ഇരുളർ തുടങ്ങി മുഡുഗർ,മുതു വാൻമാർ, മുള്ളുക്കുറുമർ, വിഴവൻമാർ എന്നിങ്ങനെ അസംഖ്യം ഗോത്രവിഭാഗ ങ്ങളെയാണ്. ഇവയോരോന്നും സാമൂഹ്യശാസ്ത്ര പരമായും സാംസ്കാരികമായും വ്യതിരക്തത പുലർത്തുന്ന ഭിന്ന വിഭാഗങ്ങളാണ്. മുള്ളുക്കുറുമർ, കുറിച്യർ തുടങ്ങിയ വിഭാഗങ്ങൾ ഉന്നത സ്ഥാനത്തും പണിയർ, അടിയർ തുടങ്ങി യവർ ഏറ്റവും കീഴാളസ്ഥാനത്തും വരുന്ന വിചിത്രമായ ഒരു ശ്രേണീകരണം കൂടിയാണ് ആദിവാസി എന്ന കല്പന. ആധുനികത സാമൂഹ്യശാസ്ത്രപരമായി വകതിരിച്ചെടുത്ത ഗണത്തിൽ പോലും പ്രത്യക്ഷത്തിൽ ശ്രേണീബദ്ധത നിലനിൽക്കുന്നു എന്നർത്ഥം. കുറിച്യരും പണിയരും തമ്മിൽ യാതൊരു

തരത്തിലുമുള്ള സമാനതകളില്ല എന്നത് പോട്ടെ, പണിയരിൽ തന്നെ പ്രാദേശികമായി സാംസ്കാരികവ്യതിരിക്തതകളുണ്ട്. നിലമ്പൂർ, വയനാട്, കൊട്ടിയൂർ പ്രദേശങ്ങളിലെ പണിയവിഭാഗങ്ങൾ ഭാഷ-ആചാരം-സംസ്കാരം തുടങ്ങിയവയിലൊക്കെ വ്യത്യസ്തത പുലർത്തുന്നവരാണ്. പല വിഭാഗങ്ങളുടെയും പേരുകളിൽ പോലും അനിശ്ചിതത്വം നിലനിൽക്കുന്നു എന്നതാണ് ക്രൂരമായ സത്യം. എണ്ണത്തിന്റെ കാര്യത്തിൽ മുന്നിട്ടു നിൽക്കുന്ന പണിയസമുദായത്തിന് കുറഞ്ഞത് രണ്ട് പേരെങ്കിലുമുണ്ട്; പണിയൻ, പണിയർ (പണിയന്റെ ബഹുവചനമായല്ല പണിയർ പ്രയോഗിക്കപ്പെടാറ്, ആ സമുദായത്തിനുള്ള വ്യത്യസ്തമായ രണ്ടു പേരുകളാണിവ). അടിയസമുദായത്തെ സൂചിപ്പിക്കാൻ അഞ്ച് പേരുകൾ—അടിയൻ, അടിയർ, അടിയാൻ, അടിയോർ, റാവുള്ളർ (റാവുള്ളോര്)—ഉപയോഗിക്കപ്പെടുമ്പോൾ ബെട്ടകുറുമർ ഒമ്പതോളം പേരുകളിലാണറിയപ്പെടുന്നത്; ഊരാളിക്കുറുമൻ, ഊരാളിക്കുറുമർ, വെട്ടുകുറുമർ, വെട്ടുവക്കുറുമർ, ബെട്ടകുറുമർ, ബെട്ടുകുറുമർ, ബെട്ടകുറുമൻ, ബെട്ടക്കുറുമർ, വട്ടക്കുറുമർ എന്നിങ്ങനെ പോകുന്നു അവ. മുള്ളുക്കുറുമ സമുദായത്തിന് മുള്ളക്കുറുമൻ, മുള്ളക്കുറുമർ, മുള്ളുക്കുറുമൻ, മുള്ളുക്കുറുമർ, മുള്ളുവക്കുറുമൻ, മുള്ളുവക്കുറുമർ, മുള്ളുക്കറുമ്പൻ എന്നും കാട്ടുനായ്ക്കർക്ക് കാട്ടുനായകൻ, കാട്ടുനായകർ, കാട്ടുനായ്ക്കർ, കാട്ടുനായ്ക്കൻ, തേൻകുറുമർ, തേൻകുറുമൻ എന്നും പേരുകളുണ്ട്. പേരുകളിലെ ആശയക്കുഴപ്പം വ്യത്യസ്തവിഭാഗങ്ങളെ തിരിച്ചറിയുന്നതിനും തടസമാവുന്നുണ്ട്. വയനാട്ടിൽ കുറുമർ എന്ന സംജ്ഞ വാസ്തവത്തിൽ മൂന്ന്ഗോത്രങ്ങളെയാണ് സൂചിപ്പിക്കുന്നതെന്ന് എസ്. ആർ.ചന്ദ്രമോഹൻ ചൂണ്ടിക്കാട്ടുന്നുണ്ട് (2013: 9).

ആദിവാസിഭാഷകൾ ദക്ഷിണദ്രാവിഡം, ഉത്തരദ്രാവിഡം എന്നീ ഭിന്നശാഖകളിൽ ചിതറിക്കിടക്കുന്നവയും അതിൽത്തന്നെ പ്രാദേശികമായ ഭാഷാഭേദങ്ങളുള്ളവയുമാണ്. ഉദാഹരണത്തിന് ദക്ഷിണദ്രാവിഡ ഉപശാഖയിലെ പണിയഭാഷ നിലമ്പൂരും വയനാട്ടും കൊട്ടിയൂരും ഈഷൽഭേദങ്ങളോടെയാണ് നിലകൊള്ളുന്നത്. കുടുംബബന്ധങ്ങളെക്കുറിക്കുന്ന ചില പദങ്ങൾ മാത്രം ഉദാഹരണമായി താഴെ എടുത്തു ചേർക്കുന്നു.

> ചെറുക്കന്റെഅമ്മ–പെണ്ണത്തായു (നിലമ്പൂർ), ഉറാട്ടിനത്തായു (വയനാട്) പെണ്ണിന്റെഅമ്മ–തമമൻ (നിലമ്പൂർ), തമമെ (വയനാട്) അമ്മാവൻ–പൊണ്ണത്തായു (നിലമ്പൂർ), തമ്മി (വയനാട്) അമ്മായി–ഉത്തി (നിലമ്പൂർ), മുത്തിഅമ്മെ (വയനാട്)

ഇങ്ങനെ ഒരു ഗോത്രവിഭാഗത്തിനുള്ളിൽത്തന്നെ പ്രത്യക്ഷസാംസ്കാരികഭിന്നതകളുണ്ട്. ഉത്പാദനപരമായി ആദിവാസി എന്ന സംജ്ഞയിലുൾക്കൊള്ളുന്ന

ഗോത്രവർഗങ്ങളുടെ സവിശേഷതകളും വ്യത്യസ്തമാണ്. കുറിച്യരും കുറമരും പരമ്പരാഗതമായി കൃഷിചെയ്തു പോരുന്നവരാണ്. കാട്ടുനായ്ക്കർ കാടിനെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. പണിയരും അടിയരും കാർഷികമേഖലയിൽ കൂലിപ്പണി ചെയ്തു ജീവിക്കുന്നവരാണ്. ഉത്പാദനപരവും സാംസ്കാരികവും പ്രാദേശികവുമായ വ്യത്യസ്തതകളെ സാമാന്യവത്കരിക്കുക എന്ന അബദ്ധം കൂടിയാണ് ആദിവാസി എന്ന സംവർഗനിർമ്മിതി.

## 2. സാമാന്യവത്കരണത്തിന്റെ ഫലങ്ങൾ

> "തങ്ങൾ മലനമ്പൂതിരിമാരാണെന്ന് വിശ്വസിക്കുകയും നമ്പൂതിരിമാരൊഴിച്ച് മറ്റെല്ലാ ജാതിക്കാരുമായി അയിത്തമാചരിക്കുകയും ചെയ്യുന്നവരാണ് കുറിച്യർ. കൊറഗരാവട്ടെ ഒരിക്കൽ ധരിച്ച വസ്ത്രം മാറ്റുകയോ നനയ്ക്കുകയോ കുളിക്കുകയോ ചെയ്യാത്ത വരും ചത്ത പശുക്കളുടെയും എരുമകളുടെയും തോലുരിച്ച് ഇറച്ചി പറിച്ചെടുത്ത് ഉപ്പും മുളകും പുരട്ടി തീയിലിട്ട് ചുട്ടു തിന്നുന്നവരുമാണ്.ഈ രണ്ട് അറ്റങ്ങൾക്കിടയിലായി മറ്റ് വർഗ ങ്ങൾ നിലകൊള്ളുന്നു" (എൻ.വി.കൃഷ്ണവാര്യർ, 1963: 9).

ഇതെഴുതപ്പെട്ട് അരനൂറ്റാണ്ട് കഴിഞ്ഞിട്ടും ഗോത്രവിഭാഗങ്ങൾക്കിടയിലെ ബഹുത്വത്തെ തെളിയിച്ചെടുക്കാനോ വകതിരിച്ച് മനസിലാക്കാനോ നമുക്ക് കഴിഞ്ഞിട്ടില്ല. എന്താണ് ഇത്രകാലം സ്വീകരിച്ചുപോന്ന സാമാന്യവത്കരണത്തിന്റെ ഫലം എന്നറിയണമെങ്കിൽ ഏറ്റവും കൂടുതൽ ആദിവാസികളുള്ള വയനാടിലൂടെ വെറുതെ സഞ്ചരിച്ചാൽ മതി. കെ. പാനൂർ കേരളത്തിലെ ആഫ്രിക്ക എഴുതുന്ന കാലത്ത് കുറിച്യരുടെ അവസ്ഥ എപ്രകാരമായിരുന്നെന്ന് ആ പുസ്തകത്തിൽ ബൃഹദ് വിശദീകരണങ്ങളുണ്ട്.

> " കുറിച്യകുടുംബങ്ങൾ മലകളിൽ അങ്ങിങ്ങായി മുളങ്കുടിലുകൾ വെച്ചു കെട്ടി താമസിക്കു കയാണ്. കുടിലുകൾ കണ്ടെത്താൻ ചില മലകൾ കയറുമ്പോൾ നമുക്ക് ടെൻസിങ്ങിനെപ്പറ്റി കൂടുതൽ ബഹുമാനം തോന്നും. ഒരു ദിവസവും ഒഴിയാതെ ഈ മലകൾ എത്രയെങ്കിലും പ്രാവശ്യം കയറുകയും ഇറങ്ങുകയും ചെയ്യുന്ന കുറിച്യക്കുട്ടികളെപ്പറ്റി അതിൽ ക്കൂടുതൽ ബഹുമാനം തോന്നിത്തുടങ്ങും. അവരുടെ കുടിലുകൾ നമ്മെ തീരെ ആകർഷിച്ചെന്നു വരില്ല. വെറും മണ്ണിൽ മുളങ്കീറുകൾ വരിവരിയായി കുത്തിനിർത്തി അവയ്ക്കുമീതെ കുറച്ച് മുളകൾ ചരിച്ചുകെട്ടി ഓടപ്പുല്ലു കൊണ്ട് മേഞ്ഞാൽ ഒരു കുറിച്യ ക്കുടിലായി.... രോഗംവന്നാലോ!ഗവൺമെന്റാശുപത്രികളിൽ പോയിക്കിടന്ന് ചികിത്സി ക്കുന്നതിനെപ്പറ്റി അവർക്ക് ചിന്തിക്കാനേ വയ്യ. അശുദ്ധകു

റിച്യരാവാൻ ഇഷ്ടപ്പെടാത്ത രോഗികൾ ശുദ്ധകുറിച്യരായി മരിക്കാൻ ഒരുങ്ങുന്നു. ഗവൺമെന്റ് നൽകുന്ന പല ആനുകൂല്യങ്ങളും ഉപയോഗിക്കാൻ കുറിച്യരുടെ അന്ധവിശ്വാസങ്ങൾ അവരെ അനുവദിക്കുന്നില്ല... ..."(1963:35).

കെ.പാനൂർ കണ്ട വയനാട്ടിലെ ഈ കുറിച്യവിഭാഗം ഇന്ന് ഭാവനയിൽ പോലുമില്ല. 1960-ന് ശേഷമാണ് ആദ്യമായി കുറിച്യരിൽ നിന്നൊരാൾ ബി.എ.ബിരുദം പൂർത്തിയാക്കുന്നത്. അതിന് ശേഷമിങ്ങോട്ടുള്ള അരനൂറ്റാണ്ട് കുറിച്യരെ സംബന്ധിച്ചിടത്തോളം വൻ കുതിച്ചുചാട്ടത്തിന്റേതാണ്. ഗോത്രജീവിതത്തിന്റെ പാടുകൾ മുഴുവനായി മായ്ച്ചുകളഞ്ഞ് ശുദ്ധാശുദ്ധ സങ്കൽപ്പത്തെയും അയിത്താചാരത്തെയും എന്നേക്കുമായി നാടുകടത്തി അമ്പും വില്ലും നായാടലും മുളങ്കുടിലുകളും കൃഷിരീതിയും അടിതൊട്ട് പരിഷ്കരിച്ചെടുത്ത്, കൂട്ടായ ജീവിതവും വെളിച്ചപ്പാട്, പണിക്കർ, തെയ്യാടി പുരോഹിത വർഗങ്ങളുടെ ആജ്ഞാനുസാരമുള്ള ആത്മീയ ജീവിതവും കൈയൊഴിഞ്ഞ് കുറിച്യർ മുഖ്യധാരാവത്കരിക്കപ്പെട്ടു. ഇന്ന് ലോവർമിഡിൽക്ലാസിന്റെ ജീവിത സാഹചര്യങ്ങളിലേക്ക് സ്വയം ഉദ്ഗ്രഥിക്കപ്പെട്ടവരാണവർ. സ്കൂൾ/കോളജ് വിദ്യാഭ്യാസം പൂർത്തീകരിക്കുന്നവരും കഴിയുംപോലെ മത്സരപരീക്ഷകളിൽ പങ്കെടുത്ത് സർക്കാർ സർവീസിൽ കയറിപ്പറ്റുന്നവരും അതിന് കഴിയാത്തവർ കൃഷി മുതൽ ഡ്രൈവറുദ്യോഗം വരെയുള്ള ഭിന്ന തൊഴിൽമേഖലയിലൂടെ ജീവിതായോധനം നേടുന്നവരുമായി. എല്ലാ അർത്ഥത്തിലും ആധുനികവത്കരിക്കപ്പെട്ടു എന്നു പറയാം.

മറുഭാഗത്ത് പണിയരെയോ കാട്ടുനായ്ക്കരെയോ എടുത്തു നോക്കിയാൽ ഇതിന്റെ നേർവിപരീതം കാണാം. കെ. പാനൂർ കണ്ട വയനാട്ടിലെ പണിയർ അതിൽ നിന്ന് ഒട്ടും വ്യത്യസ്തമല്ലാത്ത മട്ടിൽ നിസഹായജീവിതം ഇന്നും നയിക്കുന്നു. വള്ളിയൂർക്കാവിലെ ക്ഷേത്രോത്സവച്ചന്തയിൽ നിപ്പുപണം നൽകി ജന്മിമാർ ഒരു വർഷത്തേക്ക് വിലക്കെടുക്കുന്ന അടിമക്കച്ചവടം നിയമം മൂലം നിരോധിക്കപ്പെട്ടു എന്നതു മാറ്റിനിർത്തിയാൽ അവിടങ്ങളിൽ അവസ്ഥ വലിയ മാറ്റമില്ലാതെ തുടരുന്നു. വിദ്യാലയങ്ങളിൽ നിന്ന് ഇറങ്ങിയോടുന്ന കുട്ടികൾ, മദ്യത്തിന്റെ അമിതോപയോഗത്താൽ ആരോഗ്യം നശിച്ച പുരുഷൻമാർ, അപകർഷതാബോധത്തിന്റെ കുനിഞ്ഞ ശിരസുമായി നീങ്ങുന്ന സ്ത്രീകൾ, അവിവാഹിതരായ അമ്മമാർ, കുടകിലെ ഇഞ്ചിപ്പാടങ്ങളിലെ ദുരൂഹമരണങ്ങൾ, വൃത്തിഹീനമായ ജീവിതചുറ്റുപാടുകൾ, അടിക്കടി നിലനില്പ് ചോദ്യംചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ജനതയാണവർ.

ഈ രണ്ടു വിരുദ്ധധ്രുവങ്ങളെ ചില അമൂർത്തതത്ത്വങ്ങളെ അടിസ്ഥാനമാക്കി ഒറ്റ സംവർഗമായി കണ്ട് ആദിവാസിജീവിതനിലവാരം അളന്നു തിട്ടപ്പെടുത്തുന്നിടത്താണ് ജ്ഞാനശാസ്ത്രപരമായ ഹിംസ പ്രവർത്തിക്കുന്നത്. ഇങ്ങനെയൊരു പൊതുമാനദണ്ഡത്തിലൂടെയുള്ള കണക്കെടുപ്പ് ആദിവാസിജീവിത നിലവാരം പടിപടിയായി ഉയരുന്നുവെന്ന് സമാശ്വസിക്കാൻ മുഖ്യധാരയ്ക്ക് വക തന്നേക്കുമെങ്കിലും യാഥാർത്ഥ്യം അതല്ല. കുറിച്യവിഭാഗത്തിൽ നിന്നുള്ളവരുടെ മന്ത്രിപദവിയോ സിവിൽസർവ്വീസ് വിജയമോ ആദിവാസിവിജയമായി ആഘോഷിക്കപ്പെടുന്നു. മറുഭാഗത്ത് പണിയരുടെ അടിമജീവിതം കൂടുതൽ രൂക്ഷമാകുന്നത് കാണപ്പെടാതെ പോകുകയും ചെയ്യുന്നു. വിവിധ ഗോത്രവിഭാഗങ്ങളെ, അവരുടെ ഉത്പാദന-സാമൂഹിക-സാംസ്കാരിക വ്യതിരിക്തതകളെ, അവാന്തരവിഭാഗങ്ങളുടെ സവിശേഷതകളെ സൂക്ഷ്മമായി മനസിലാക്കി അതിനനുസൃതമായി ക്ഷേമപദ്ധതികൾ ആവിഷ്കരിക്കപ്പെടേണ്ടതുണ്ട്. സംരക്ഷിക്കപ്പെടേണ്ടവരും പരിപാലിക്കപ്പെടേണ്ടവരും ആ രീതിയിൽ പരിഗണിക്കപ്പെട്ടില്ലെങ്കിൽ അർഹതയുള്ളവയുടെ അതിജീവനമെന്ന പ്രകൃതിനിയമമാവും നടപ്പിലാക്കപ്പെടുക.

### 3. ദളിത് പരിപ്രേക്ഷ്യത്തിലൂടെയുള്ള വിശകലനം

'ദളിത് ആദിവാസി ജനവിഭാഗങ്ങൾ' എന്നത് പ്രചാരം നേടിയൊരു വിശേഷണപദമാണ്. പലപ്പോഴും ഇവരണ്ടും ചേർത്തുപ്രയോഗിക്കുക പോലും ചെയ്യാറുമുണ്ട്. സാമൂഹികമായി അരികുവത്കരിക്കപ്പെട്ടവരെന്നോ വിഭവ - സാമൂഹികാധികാരത്തിന്റെ മണ്ഡലത്തിൽ പ്രാതിനിധ്യം കുറഞ്ഞവരെന്നോ ഉള്ള വിശാലാർത്ഥത്തിൽ ആ പ്രയോഗം ചിലയിടത്ത് സാധുവാകാമെങ്കിലും ദളിത് ക്വസ്റ്റന്റെ കൂടെച്ചേർത്ത് പറയേണ്ട ഒന്നല്ല ട്രൈബൽ ക്വസ്റ്റൻ.ദളിത് എന്നതൊരു രാഷ്ട്രീയസ്വത്വമാണ്. ഇന്ത്യയിലുടനീളം പരന്നു കിടക്കുന്നതും ബ്രാഹ്മണിസം അന്യവത്കരിച്ചതും ഭൗതികോത്പാദനത്തിൽ ഏറ്റവും വലിയ പങ്കുകാരായിരുന്നിട്ടും ധ്യാനാത്മകചിന്ത പുറത്താക്കിയവരുമായ മഹാഭൂരിപക്ഷം കീഴാളജാതിയാണ് ദളിത്. അവർ പൊതുവായി പങ്കുവെക്കുന്ന ചില സാമാന്യതകളുണ്ട്. ബ്രാഹ്മണിക്കൽ ഹിംസയുടെ ഇരകളെന്ന സ്ഥാനമാണ് ദളിതത്വത്തെ രാഷ്ട്രീയസ്വത്വമാക്കിയത്. 'ആദിവാസി' ഇങ്ങനെയൊരു രാഷ്ട്രീയസ്വത്വമല്ല. കടുത്ത ഉച്ചനീചത്വങ്ങൾ നിലനിൽക്കുന്ന അസംബന്ധശ്രേണിയാണത്. അതിനകത്ത് ബ്രാഹ്മണർ മുതൽ ചണ്ഡാലർ വരെയുണ്ട്. ഹീനജാതികളെ അകറ്റിനിർത്തിയിരുന്ന കുറിച്യക്കാരണവർ വയനാട്ടിലെ ഇന്നത്തെ തലമുറയുടെ പോലും ഓർമ്മയിലുണ്ടാവും. ട്രൈബൽബേസിക്

സ്കൂളിൽ സന്ദർശനം നടത്തവേ അപേക്ഷാഹർജിയുമായി വന്ന പുലയ ജാതിക്കാരനെ കണ്ട് കുറിച്യക്കുട്ടികൾ ഒന്നടങ്കം സ്കൂൾവിട്ടുപോയ അനുഭവ വിവരണം കേരളത്തിലെ ആഫ്രിക്കയിൽ കാണാം(1963: 45). പണിയരും, അവരിലൊരാൾ 40 വാര അകലെ നിന്നാൽ അയിത്തമാവുന്ന, അയിത്ത ദോഷം തീരാൻ നാൽപ്പത് പ്രാവശ്യം മുങ്ങിക്കുളിക്കേണ്ടിവരുന്ന കുറിച്യരും ചേരുന്ന ആദിവാസി എന്ന രാഷ്ട്രീയസ്വത്വം സാധ്യമായ ഒന്നേ അല്ല.

ആദിവാസിയെ ദലിതിലേക്ക് ഉൾച്ചേർക്കുമ്പോൾ സംഭവിക്കുന്ന വലിയ പിഴവ് ഉത്പാദനസവിശേഷതകൾ സാമാന്യവത്കരിക്കപ്പെടുന്നു എന്നതാണ്. ഈ സാമാന്യതയെ മുൻനിർത്തി പരിഹാരസൂത്രവാക്യങ്ങൾ ചമയ്ക്കപ്പെടുന്നു. ഭൂമി ലഭിക്കുന്നതോടെ ആദിവാസിപ്രശ്നം തീരുമെന്നത് ഇത്ത രമൊരു മിത്താണ്. കൃഷി നടത്തുന്ന ഗോത്രവർഗങ്ങൾ എത്രയെണ്ണമുണ്ട് എന്നതൊരു നിർണായക ചോദ്യമാണ്. കാർഷികവൃത്തിയിലേർപ്പെടാ ത്തവരെ സംബന്ധിച്ചിടത്തോളം കൈമാറ്റം ചെയ്യപ്പെടാനാവാത്ത ഭൂമി ജഡവസ്തുവാണ്. ഉപജീവനാർത്ഥം കൃഷിചെയ്ത ചരിത്രമുള്ളവരിൽ പരമാവധി ഉൾച്ചേർക്കാൻ പറ്റുക കുറിച്യർ, മാവിലാൻ, കാണിക്കാർ, അടിയർ, എരവാലൻ, ഇരുളൻ, പണിയർ എന്നിവരെ മാത്രമാണ്. ഇതിൽ തന്നെ പണിയർ, അടിയർ എന്നിവർ കാർഷികതൊഴിലിൽ മാത്രമേ ഏർപ്പെട്ടു പോന്നിരുന്നുള്ളൂ. കാട് വെട്ടിച്ചുട്ട് കൃഷി ചെയ്തുപോരുന്ന പുനംകൃഷി നില നിന്നിരുന്ന കാലത്തു നിന്നും ഫ്യൂഡൽ ഉത്പാദനബന്ധത്തിലേക്ക് മാറിയ കാലം തൊട്ടേ ഇവർ കാർഷിക അടിമകളായി മാറിക്കഴിഞ്ഞു. ജന്മിയുടെ കൃഷിസ്ഥലത്ത് പണിയെടുക്കുക എന്നല്ലാതെ സ്വന്തമായി കൃഷി നടത്തി ധാന്യമിച്ചം സ്വരൂപിച്ചിരുന്ന ഉത്പാദനാവസ്ഥ പരിണാമപരമായി അവരെ വിട്ടുപോയിക്കഴിഞ്ഞു. കമ്പളനാട്ടി പോലൊരു കലാരൂപത്തിന്റെ രൂപപ്പെടൽ തന്നെ ജന്മിമാരുടെ വയൽപ്പണിയുമായി ബന്ധപ്പെട്ടാണ്. കടുത്ത ശുഭാപ്തിവിശ്വാസികൾക്കേ അവർക്കിനി വ്യവസ്ഥാപിതമായ കൃഷി നടത്തൽ സാധിക്കുമെന്ന് വിശ്വസിക്കാൻ പറ്റൂ.

മറ്റു ഗോത്രവർഗങ്ങളെ സംബന്ധിച്ച് ഇതിനേക്കാൾ സങ്കീർണമാണ് ഉത്പാദനസവി ശേഷതകൾ അവരിൽ വനവിഭവശേഖരണം (മലമലശർ, ഊരാളികൾ, കാട്ടുനായ്ക്കർ, അര നാടൻ......) മുതൽ കുട്ടമെടയൽ, പായനെയ്ത്ത് തുടങ്ങിയ കൈത്തൊഴിൽ ചെയ്യുന്നവർ ( കൊറഗർ, മലവേട്ടുവർ....) വരെയുണ്ട്. ഉത്പാദനപരമായ വ്യത്യസ്തതകളെ മുഴുവൻ കൃഷി എന്ന സാമാന്യതയിലേക്ക് ചേർത്തു വെച്ചുകൂടാ. ഗോത്രവർഗങ്ങൾക്ക് ഭൂമി നൽകേണ്ടതില്ല എന്നല്ല

ഇവിടെ അർത്ഥമാക്കുന്നത്. ഇന്ത്യൻസാമൂഹികഘടന അർദ്ധഫ്യൂഡലായിരിക്കുന്നിടത്തോളം ഭൂമിയുടെ മുകളിലുള്ള ഉടമസ്ഥാവകാശം സാമൂഹികാധികാരത്തിന്റെ നിർണായകമായ മുന്നുപാധിയാണ്. പക്ഷേ ഗോത്രവർഗങ്ങൾക്ക് ഭൂമി നൽകുന്നതോടെ ട്രൈബൽ ക്വസ്റ്റൻ പരിഹരിക്കപ്പെട്ടും എന്ന സരളസമവാക്യം പരിഹാരമായിക്കൂടാ എന്നതാണ്. ഓരോ ഗോത്രവർഗത്തിന്റെയും ഉത്പാദനമാധ്യമമെന്താണെന്ന് തിരിച്ചറിഞ്ഞ് അവയെ മുൻനിർത്തിയുള്ള പദ്ധതികൾ അതത് ഗോത്രവർഗത്തിനായി ഭാവന ചെയ്യേണ്ടതുണ്ട്.

40 മുതൽ 60 മീറ്റർ വരെ ഉയരമുള്ള കമുകിൻ മുകളിൽ അഗ്രം വളച്ച് ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് നിലം തൊടാതെ പറക്കുന്ന പണിയ യുവാക്കളെ വയനാട്ടിലെ ഏത് കമുകിൻ തോട്ടത്തിലും കാണാം. അത്യന്തം അപകടകരവും സാഹസികവുമായ ഈ തൊഴിൽ ചെയ്യാൻ മറ്റാരും വയനാട്ടിലിന്ന് തയ്യാറല്ല. കയറിയ കമുകിൽ നിന്ന് കിലോമീറ്ററുകൾക്കപ്പുറം ചെന്നിറങ്ങി അടക്ക പറിച്ചെടുക്കുന്ന ഈ ആകാശസഞ്ചാരികളെ താഴെ നിന്ന് നോക്കി നിൽക്കുക സാധ്യമല്ല. താരതമ്യേന ബലം കുറഞ്ഞ കമുക്, അഗ്രത്തിൽ ഊയലാടി വില്ല് പോലെ വളച്ച് മറ്റൊന്നിലേക്ക് ചേക്കേറവേ നടുവെ പൊട്ടാൻ എല്ലാ സാധ്യതയുമുള്ള മരമാണ്. കൈവിട്ടാലോ മരം പൊട്ടിയാലോ താഴെ പൂക്കില പോലെ മനുഷ്യശരീരം ചിതറുമെന്നതിൽ സംശയമില്ല. ഈ തൊഴിലിലേർപ്പെട്ടിരിക്കുന്നവർ സാമാന്യ ആരോഗ്യവാനായ ഒരാൾക്ക് അനുവദനീയമായതിലുമധികം മദ്യം കൂടി കഴിച്ചിട്ടുണ്ടാവും എന്നറിയുമ്പോഴാണ് സന്ദർഭത്തിന്റെ ഭീകരത പിടികിട്ടുക. ഈ മൂർത്തയാഥാർത്ഥ്യമാണ് അഭിസംബോധന ചെയ്യപ്പെടേണ്ടത്. മനുഷ്യവിഭവശേഷിയാണ് ഉത്പാദനമാധ്യമമെങ്കിൽ ഏറ്റവും സുരക്ഷിതമായ ചുറ്റുപാടിൽ അത് വിനിയോഗിക്കാനുള്ള, ആരോഗ്യപരമായി റിട്ടയർ ചെയ്യേണ്ട കാലം തൊട്ട് പെൻഷൻ നൽകി സംരക്ഷിക്കേണ്ട ഉത്തരവാദിത്തമാണ് സമൂഹത്തിന് മുൻപിലുള്ളത്.

### 4. ആധുനികവത്കരണം എന്ന സമസ്യ

അനുഭവമാത്രവാദികളെയോ പ്രത്യക്ഷവാദികളെയോ സംബന്ധിച്ച് ഗോത്രവർഗത്തിന്റെ ആധുനികീകരണം സന്ദിഗ്ധതകളില്ലാത്ത പ്രശ്നമാണ്. ഏതു വിധേനയും നാഗരികവത്കരിക്കേണ്ടതുണ്ട് എന്ന കാര്യത്തിലവർക്ക് സംശയമൊന്നുമില്ല. ഗോത്രവിഭാഗങ്ങളുടെ സ്വകീയവും തനതായതുമായ സംസ്കൃതിയെ പൂർണമായി നിഷേധിച്ച് ആധുനികവത്കരിക്കുക എന്ന മുദ്രാവാക്യമാണ് ആധുനികത മുൻപോട്ടു വെച്ചത്. വിഷയി/വിഷയ വിഭജനക്രമമാണ് ഈ പരിപ്രേക്ഷ്യത്തിന്റെ അടിയിൽ പ്രവർത്തിക്കുന്നത്.

ആധുനികമായ എല്ലാ വിഷയവിഭജനക്രമവും നാഗരികനായ വിഷയിയുടെ വിഷയത്തിലേക്കുള്ള നോട്ടമായിരുന്നു. നരവംശശാസ്ത്രവും സാമൂഹ്യശാസ്ത്രവും ഫോക്‌ലോർ പോലും ഗോത്രവർഗത്തെ ഒരു വിഷയമായാണ് സങ്കൽപ്പിച്ചത്.ആധുനികതയോടുള്ള വിമർശനം എന്ന നിലയിൽ രൂപപ്പെട്ട ഉത്തരാധുനികപദ്ധതികളാവട്ടെ ആധുനികീകരണത്തെ റദ്ദ് ചെയ്തു കൊണ്ട് ഗോത്രത്തനിമയിലേക്ക് തിരിച്ചു പോകാൻ വേണ്ടി വാദിക്കുന്നു. പലപ്പോഴും സഹാനുഭൂതിപരമായ ഉദ്ദേശ്യലക്ഷ്യങ്ങൾ ഉണ്ടായിരുന്നിരുന്നെങ്കിലും ഈ പദ്ധതികൾ പലതും യാതൊരു ഗുണവും ചെയ്തില്ല. ഗോത്രവർഗങ്ങൾക്കായി വയനാട്ടിൽ സന്നദ്ധസംഘടനകളും വ്യക്തികളും ആരംഭിച്ച പല സമാന്തരവിദ്യാഭ്യാസസ്ഥാപനങ്ങളും തുടക്കഘട്ടത്തിലെ ആളിക്കത്തലിനു ശേഷം പിൻവാങ്ങിക്കഴിഞ്ഞു. വ്യവസ്ഥാപിത വിദ്യാഭ്യാസയോഗ്യതയില്ലാത്ത അവിടെ പഠിച്ച കുട്ടികൾ വിപണിയുടെ മത്സരത്തിൽ സ്വയം ഉദ്യോഗാർത്ഥിയാവാൻ പറ്റാതെ വലയുന്നു.

ഗോത്രവർഗങ്ങളുടെ ആധുനികീകരണത്തെ സംബന്ധിച്ച അതീവ സന്ദിഗ്ധമായ ഈ ചോദ്യം മുന്നിലുണ്ട്. ഇവിടെയും അമൂർത്തമായ സങ്കൽപ്പനങ്ങളെ മുൻനിർത്തി ഒറ്റ പ്പരിഹാരത്തിലേക്ക് പോകാതെ സവിശേഷതകൾക്കനുസരിച്ച് രീതിപദ്ധതികൾ രൂപീകരിക്കുന്നതാവും കരണീയം. ബോധനശാസ്ത്രവുമായി ബന്ധപ്പെട്ട പര്യാലോചനകൾ, അന്യമായ ഒരു ഭാഷയിലും അനുഭവപശ്ചാത്തലത്തിലും ഇരട്ടി ഭാരമാവുന്ന വിദ്യഭ്യാസപ്രക്രിയ, നാട്ടറിവുകളുടെയും വാമൊഴിവഴക്കങ്ങളുടെയും സംരക്ഷണം തുടങ്ങി എണ്ണിയാലൊടുങ്ങാത്ത സ്ഥാനങ്ങളിൽ ഏതുവഴി സഞ്ചരിക്കണമെന്നറിയാതെ കുഴയുന്നതിന്റെ അടിസ്ഥാനകാരണവും അമൂർത്തസങ്കൽപ്പനങ്ങളെ അടിസ്ഥാനമാക്കുന്നതാവണം എന്നു തന്നെ കരുതേണ്ടിയിരിക്കുന്നു.

ആദിവാസി എന്നത് മലയാളിയെ സംബന്ധിച്ചിടത്തോളമെങ്കിലും സാധുവായ ഒരു പരികൽപ്പനയല്ല. ഭിന്നതകളെയും ബഹുലതകളെയും അതായി മനസിലാക്കി അമൂർത്തതകളുടെ ലോകത്തെ കൈവിട്ടുകൊണ്ട് വേണം ട്രൈബൽ ക്വസ്റ്റനെ കൈകാര്യം ചെയ്യേണ്ടത്. കേവലനായ ഒരാദിവാസിയെ കാണാതെ പണിയരെയും ഇരുളരെയും കൊറഗരെയും കാട്ടുനായ്ക്കരെയും കണ്ടു തുടങ്ങുന്നിടത്ത് പ്രശ്നപരിഹാരത്തിന്റെ ആദ്യപടി കടക്കുന്നുണ്ട്. വ്യതിരിക്തമായ ഉത്പാദന-സാംസ്കാരിക സവിശേഷതകളെ അംഗീകരിച്ചുകൊണ്ട് അതിനനുസൃതമായ രീതിപദ്ധതി ഓരോ വിഭാഗത്തിനായും തയ്യാറാക്കണം. തൊഴിൽപരിരക്ഷയും ആരോഗ്യഇൻഷുറൻസുമാവാം

ഒരു വിഭാഗത്തിന് അടിയന്തരമായി വേണ്ടതെങ്കിൽ മറ്റൊരു വിഭാഗത്തിന് ആധുനികമായ ജീവിതത്തിലേക്കുള്ള ഉദ്ഗ്രഥനവാതിലുകളാവാം. ആദിവാസി എന്ന സംവർഗ്ഗത്തെ വെടിയുകയും കുറിച്യർ, മുള്ളുക്കുറുമർ, പണിയർ എന്നിങ്ങനെ നാം പറഞ്ഞു തുടങ്ങുകയും ചെയ്യേണ്ടിയിരിക്കുന്നു. ബഹുസ്വരത എന്നത് മുഖ്യധാരയെ സംബന്ധിച്ചുള്ള ആശയം മാത്രമല്ല.

## ആധാരസൂചി

1. കുമാരൻ വയലേരി, 2007, ആദിവാസി പുരാവൃത്തം, ഡി.സി.ബുക്സ്, കോട്ടയം.
2. കുമാരൻ വയലേരി, 2012, ആദിവാസി വിജ്ഞാനനിഘണ്ടു, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. കൃഷ്ണവാര്യർ, എൻ.വി., 1963, 'അവതാരിക', കെ.പാനൂർ, കേരളത്തിലെ ആഫ്രിക്ക, നാഷണൽബുക്സ്റ്റാൾ, കോട്ടയം.
4. ചന്ദ്രമോഹൻ, എസ്.ആർ., 2013, വയനാട്ടിലെആദിവാസിപ്പാട്ടുകൾ, മാതൃഭൂമി, കോഴിക്കോട്.
5. പാനൂർ, കെ., 1963, കേരളത്തിലെആഫ്രിക്ക, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.

*rafiqib4@gmail.com*